**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3764** **12-03-2025 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതിയ്ക്കായി നടത്തിയ പഠനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം - കാസർഗോഡ് സിൽവർ ലൈൻ പദ്ധതിക്കു വേണ്ടി ഗതാഗത സർവ്വേ, ടോപ്പോഗ്രാഫിക്കൽ സർവ്വേ, ജിയോഗ്രാഫിക്കൽ സർവ്വേ, ജിയോടെക്നിക്കൽ സർവ്വേ, ഹൈഡ്രോളജിക്കൽ സർവ്വേ, സോഷ്യൽ ഇംപാക്ട് സർവ്വേ, എൻവിയോൺമെന്റ് ഇംപാക്ട് സർവ്വേ (റാപ്പിഡ് എൻവിയോൺമെന്റ് സ്റ്റഡി അല്ലാതെ) എന്നിവ നടത്തിയിട്ടുണ്ടോ; | (എ) | തിരുവനന്തപുരം-കാസർഗോഡ് സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിന്റെ ഭാഗമായി കെ.ആർ.ഡി.സി.എൽ വിദഗ്ധരും ജനറൽ കൺസൾട്ടന്റായ സിസ്ട്ര യുടെ വിദഗ്ധരും പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ചിരുന്നു. ടോപ്പോഗ്രാഫിക്കൽ സർവ്വേ (ലിഡാർ), ഹൈഡ്രോളജിക്കൽ സർവ്വേ, ട്രാഫിക്ക് സർവ്വേ, ജിയോടെക്നിക്കൽ സർവ്വേ, ദ്രുത പാരിസ്ഥിക ആഘാത പഠനം, സമഗ്ര പാരിസ്ഥിക സാമൂഹിക ആഘാത പഠനം എന്നീ സർവ്വേകളും നടത്തിയിട്ടുണ്ട്. മേൽ പറഞ്ഞ പഠനങ്ങളിൽ സാമൂഹികാഘാത പഠനം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളതല്ല. തുടർന്ന് പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചതിനു ശേഷം സാമൂഹികാഘാത വിലയിരുത്തൽ പഠനത്തിനായുള്ള പുനഃവിജ്ഞാപനം പുറപ്പെടുവിക്കുവാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. |
| (ബി) | പ്രസ്തുത പഠനങ്ങൾ നടത്തിയ ഏജൻസികളുടെ പേരും, ഓരോ പഠനവും പൂർത്തിയാക്കി റിപ്പോർട്ട് നൽകിയ തീയതിയും, ഓരോ പഠനത്തിനും നല്കിയിരുന്ന തുകയും വ്യക്തമാക്കാമോ; ഇവയുടെ സർവ്വെ/പഠന റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ടോപ്പോഗ്രാഫിക്കൽ സർവ്വെയും അനുബന്ധമായിട്ടുള്ള അലൈൻമെന്റ് മാപ്പും ഭൂതലത്തിലെ പഠനങ്ങളുടെ അടിസ്ഥാനത്തിലാണോ തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദമാക്കാമോ; | (സി) | പദ്ധതിക്കു വേണ്ടി ഭൂസർവ്വേ നടത്തുന്നതിലേക്കായി ഇന്നു നിലവിലുള്ള ഏറ്റവും ആധുനിക സാങ്കേതിക വിദ്യയായ ലിഡാർ സംവിധാനമാണ് ഉപയോഗപ്പെടുത്തിയിരിക്കുന്നത്. ഈ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതു മൂലം സമയനേട്ടം മാത്രമല്ല ഭൂമിയുടെ പ്രതലത്തിൽ നിന്നും 10 സെന്റീമീറ്റർ വരെ കൃത്യതയോടു കൂടിയാണ് വിവരങ്ങൾ ശേഖരിക്കുന്നത്. ഇതിന്റെ ഭാഗമായി ഓരോ 25 കിലോമീറ്ററിലും സർവ്വേ കൺട്രോൾ പോയിന്റ്സ് സ്ഥാപിച്ചിട്ടുണ്ട്. |

<table>
<tr>
<td>(ഡി)</td>
<td>ജിയോഗ്രാഫിക്കൽ -ജിയോ ടെക്നിക്കൽ - ഹൈഡ്രോളജിക്കൽ സർവ്വേകൾ നിർദ്ദിഷ്ട അലൈൻമെന്റിൽ പറയുന്ന ഭൂതലത്തിൽ (ലിഡാർ രീതിയിലല്ലാതെ) നേരിട്ട് നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിലാണോ തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദമാക്കാമോ;</td>
<td>(ഡി)</td>
<td>ജിയോടെക്ക്നിക്കൽ സർവ്വേ 11 ജില്ലകളിലായി 159 ഇടങ്ങളിൽ നടത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.
<table>
<tr><td>തിരുവനന്തപുരം ജില്ല</td><td>21</td></tr>
<tr><td>കൊല്ലം</td><td>30</td></tr>
<tr><td>പത്തനംതിട്ട</td><td>5</td></tr>
<tr><td>ആലപ്പുഴ</td><td>5</td></tr>
<tr><td>കോട്ടയം</td><td>12</td></tr>
<tr><td>എറണാകുളം</td><td>14</td></tr>
<tr><td>തൃശ്ശൂർ</td><td>17</td></tr>
<tr><td>മലപ്പുറം</td><td>12</td></tr>
<tr><td>കോഴിക്കോട്</td><td>19</td></tr>
<tr><td>കണ്ണൂർ</td><td>12</td></tr>
<tr><td>കാസർകോട്</td><td>12</td></tr>
<tr><td>ആകെ</td><td>159</td></tr>
</table>
അതുകൂടാതെ ഹൈഡ്രോജി സർവ്വേ തിരുവനന്തപുരം മുതൽ തിരുനാവായ വരെ 311 കിലോമീറ്ററിൽ 46 മേജർ ബ്രിഡ്ജ് ക്രോസിഗ്സും 2 പ്രധാന ബ്രിഡ്ജ് ക്രോസിഗ്സും വരുന്നിടങ്ങളിൽ നടത്തിയിട്ടുണ്ട്. ഇതു കൂടാതെ വിശദമായ ട്രാഫിക്ക് പഠനവും ഡി.പി.ആർ ന്റെ ഭാഗമായി നടത്തിയിട്ടുള്ളതാണ്.</td>
</tr>
<tr>
<td>(ഇ)</td>
<td>ടോപ്പോഗ്രഫിക്കൽ സർവ്വേ, ജിയോഗ്രഫിക്കൽ സർവ്വേ, ജിയോ ടെക്നിക്കൽ സർവ്വേ, ഹൈഡ്രോളജിക്കൽ സർവ്വേ എന്നീ പഠനങ്ങൾ പദ്ധതി കടന്നുപോകുന്ന പതിനൊന്നു ജില്ലകളിലും നടത്തിയിട്ടുണ്ടോയെന്നും, ഓരോ ജില്ലകളിലും എത്രയിടങ്ങളിൽ വീതം നടത്തിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ?</td>
<td>(ഇ)</td>
<td>പദ്ധതിക്കു വേണ്ടി ഭൂസർവ്വേ നടത്തുന്നതിലേക്കായി ഇന്നു നിലവിലുള്ള ഏറ്റവും ആധുനിക സാങ്കേതിക വിദ്യയായ ലിഡാർ സംവിധാനമാണ് ഉപയോഗപ്പെടുത്തിയിരിക്കുന്നത്. ഈ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ട് ഭൂമിയുടെ പ്രതലത്തിൽ നിന്നും 10 സെന്റീമീറ്റർ വരെ കൃത്യതയോടു കൂടിയാണ് വിവരങ്ങൾ ശേഖരിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി ഓരോ 25 കിലോമീറ്ററിലും സർവ്വേ കൺട്രോൾ പോയിന്റ്സ് സ്ഥാപിച്ചിട്ടുണ്ട്.<br>
കൂടാതെ ജിയോടെക്ക്നിക്കൽ സർവ്വേ 11 ജില്ലകളിലായി 159 ഇടങ്ങളിൽ നടത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.
<table>
<tr><td>തിരുവനന്തപുരം ജില്ല</td><td>21</td></tr>
<tr><td>കൊല്ലം</td><td>30</td></tr>
<tr><td>പത്തനംതിട്ട</td><td>5</td></tr>
<tr><td>ആലപ്പുഴ</td><td>5</td></tr>
<tr><td>കോട്ടയം</td><td>12</td></tr>
<tr><td>എറണാകുളം</td><td>14</td></tr>
</table></td>
</tr>
</table>

<table>
<tr><td></td><td></td><td></td><td></td><td>
<table>
<tr><td>തൃശ്ശൂർ</td><td>17</td></tr>
<tr><td>മലപ്പുറം</td><td>12</td></tr>
<tr><td>കോഴിക്കോട്</td><td>19</td></tr>
<tr><td>കണ്ണൂർ</td><td>12</td></tr>
<tr><td>കാസർകോട്</td><td>12</td></tr>
<tr><td>ആകെ</td><td>159</td></tr>
</table>
<br>
ഹൈകട്രോജി സർവ്വേ തിരുവനന്തപുരം മതുൽ തിരുനാവായ വരെ 311 കിലോമീറ്ററിൽ 46 മേജർ ബ്രിഡ്ജ് ക്രോസിഗ്സും 2 പ്രധാന ബ്രിഡ്ജ് ക്രോസിഗ്സും വരുന്നിടങ്ങളിൽ നടത്തിയിട്ടുണ്ട്.
</td></tr>
</table>

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | പഠനം | ഏജൻസി | ചെലവായ തുക |
|---|---|---|---|
| 1 | ഭൂപ്രതല സർവ്വെ (ടോപ്പോ സർവ്വേ/ലിഡാർ) | M/s Geokno India Pvt. Ltd. | 2,08,93,760.76 |
| 2 | ഭൂഘടനാപരമായ/ഭൂസ്വഭാവ സർവ്വെ (ജിയോടെക്നിക്കൽ & ജിയോ ഗ്രാഫിക്കൽ സർവ്വേ) | M/s Anandaraj Infra Tech Pvt. | 75,91,294.78 |
| | | M/s Sakthi Development Coy | 10,53,980.44 |
| 3 | ജല ശാസ്ത്രപരമായ സർവ്വെ (ഹൈഡ്രോജിക്കൽ സർവ്വേ) | M/s Rites | 64,86,688.23 |
| 4 | സാമൂഹിക ആഘാത പഠനം | • M/s Kerala Voluntary Health Services Kottayam<br>• M/s Rajagiri Outreach, Kalamassery.<br>• M/s Arrow, Ernakulam<br>• M/s Veekay consultancy, Kozhikode | പഠനം പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. അതിനാൽ തുക ഒന്നും തന്നെ ചെലവായിട്ടുള്ളതല്ല. |
| 5 | ട്രാഫിക്ക്/ഗതാഗത സർവ്വേ | M/s P K Engineers | 23,75,458.40 |
| 6 | ദ്രുത പാരിസ്ഥിതികാഘാത പഠനം | Center for Environment & Development, TVPM | 29,85,400.00 |
| 7 | സമഗ്ര പാരിസ്ഥിതിക സാമൂഹികാഘാത പഠനം | M/s EQMS Pvt Ltd. | പ്രസ്തുത പഠനത്തിൽ സാമൂഹികാഘാത പഠനം പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ലാത്തിനാൽ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.<br>40,12,000.00 |